# ഉന്നതതലയോഗം സി.പി.സി.ആർ.ഐയിൽ

**കാസർകോട്:** കേന്ദ്രസംസ്ഥാന സർക്കാറുകൾ സംയുക്തമായി നടപ്പാക്കുന്ന തൊഴിൽ നൈപുണ്യ പരിശീലനപദ്ധതിയായ ഡി.ഡി.യു.ജി.കെ.വൈയുടെ ഭാഗമായി സംഘടിപ്പിക്കുന്ന കമ്പനി എക്സിക്യൂട്ടീവ്തല ഓഫിസർമാരുടെ ഉന്നതതലയോഗം ജനുവരി 29ന് കാസർകോട് സി.പി.സി.ആർ.ഐയിൽ നടക്കും.

കുടുംബശ്രീവഴി കേരളത്തിൽ നടപ്പാക്കുന്ന സൗജന്യ തൊഴിൽപരിശീലന പദ്ധതിയായ ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിലൂടെ പഠനം പൂർത്തിയാക്കിയ മുഴുവൻ ഉദ്യോഗാർഥികൾക്കും തൊഴിൽ ലഭ്യമാക്കൽ, പരിശീലനം നൽകാൻ താൽപര്യമുള്ള പുതിയ ഏജൻസികളെ കണ്ടെത്തൽ, പരിശീലനം പൂർത്തിയാക്കി തൊഴിൽ നേടിയവരുടെ അനുഭവം പങ്കുവെക്കൽ, നിലവിലെ തൊഴിൽസാധ്യതക്കനുസൃതമായി തൊഴിലുടമ സൗഹൃദമായ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തൽ എന്നിവയാണ് യോഗത്തിന്റെ പ്രധാന ലക്ഷ്യം. ജില്ല കലക്ടർ ഡോ. ഡി. സജിത് ബാബു പരിപാടി ഉദ്ഘാടനം ചെയ്യും. സംസ്ഥാന കുടുംബശ്രീ മിഷൻ ഡി.ഡി.യു.ജി.കെ.വൈ പ്രോഗ്രാം മാനേജർ വിപിൻ ജോസ് പദ്ധതി വിശദീകരിക്കും.